"ഭരണഭാഷ – മാതൃഭാഷ"
കേരളസംസ്ഥാനം
വ്യാവസായിക പരിശീലനവകുപ്പ്
ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
നാല് & അഞ്ചാം നില, തൊഴിൽ ഭവൻ
വികാസ് ഭവൻ പി ഒ, തിരുവനന്തപുരം – 695033
Phone No. 0471- 2303856, Email : cru.dttvpm@kerala.gov.in

---

നമ്പർ: DT/4168/2025-B2 തീയതി: 26-03-2026

---

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – അക്കൗണ്ട്സ് - പദ്ധതിയിതരം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയിതരം (Non-plan) ശീർഷകങ്ങളിൽ 31/3/2026 വരെ ചെലവാക്കിയ തുകയുടെ വിവരങ്ങൾ എം എസ് എക്സലിൽ തയ്യാറാക്കി സോഫ്റ്റ് കോപ്പി 2026 ഏപ്രിൽ 01 വൈകുന്നേരം 05 മണിക്കകം **itdallotment@gmail.com** എന്ന ഇമെയിലിൽ (എക്സ്പെൻഡീച്ചർ **സ്റ്റേറ്റ്മെന്റ് BIMS, സ്പാർക്ക്, AG റീ കൺസിലേഷൻ (മാർച്ച് മാസം ഒഴികെയുള്ള) എന്നിവയുമായി താരതമ്യം ചെയ്തെന്നും ആയത് ശരിയാണെന്നുമുള്ള ഡി ഡി ഒ സാക്ഷ്യപത്രം കൂടി ഉൾപ്പെടുത്തി)** ലഭ്യമാക്കേണ്ടതാണ്.

**ചെലവ് കണക്ക്** രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ ഓണം അഡ്വാൻസ്, ഡയസ്നോൺ എന്നിവ എ ജി റിക്കന്സിലേഷനുമായി താരതമ്യം ചെയ്തു ശരിയായി ചെയ്യേണ്ടതുമാണ്. ചെലവ് കണക്ക് തയ്യാറാക്കുമ്പോൾ B I M S ലെ ചെലവ് കണക്ക് സ്ഥാപനങ്ങളിലെ എക്സ്പെൻഡീച്ചറും തമ്മിൽ യാതൊരുവിധ വ്യത്യാസങ്ങളും ഇല്ലായെന്ന് പ്രത്യേകം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**ശമ്പളം, വേജസ് ഒഴികെ മറ്റെല്ലാ ശീർഷകങ്ങളിലും ബാക്കിയുള്ള തുകകൾ ഈ മാസം 30നകം സറണ്ടർ ചെയ്തിരിക്കണം.**

**02 wages ശീർഷകങ്ങളിലെ ബില്ലുകൾ, ശീർഷകം മാറി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അപ്രകാരമുള്ള സ്ഥാപനങ്ങൾ കാര്യാകാരണം സഹിതമുള്ള വിശദീകരണത്തോടുകൂടി പ്രത്യേകം കത്ത് CRUവിൽ അയക്കേണ്ടതാണ്.**

2026-27 സാമ്പത്തിക വർഷത്തിൽ ഒരു ശീർഷകങ്ങളിലും അഡ്വാൻസ് ആയി അല്ലോട്ട്മെന്റ് വാങ്ങി ഇടാൻ പാടുള്ളതല്ല, പേമെന്റ് ഉത്തരവ്, അല്ലോട്ട്മെന്റ് പ്രോഫോർമ എന്നിവ നൽകിയാൽ മാത്രമേ അല്ലോട്ട്മെന്റ് അനുവദിക്കുകയുള്ളു. എന്നാൽ അത്യാവശ്യ സാഹചര്യങ്ങളിൽ **ഉപകരണങ്ങൾ തൃപ്തികരമായി വിതരണം നടത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയത്തിന് ശേഷം അല്ലോട്ട്മെന്റ് പ്രോഫോർമക്കൊപ്പം ബിൽ കൂടി ലഭ്യമാക്കി അല്ലോട്ട്മെന്റ് ആവശ്യപ്പെടാവുന്നതാണ്**. ആവശ്യമില്ലാതെ അല്ലോട്മെന്റ് BIMS ൽ നിലനിർത്താൻ പാടില്ല, അപ്രകാരം അല്ലോട്മെന്റ് ബാക്കി നിൽക്കുന്ന പക്ഷം അക്കൗണ്ട് സെക്ഷനെ അറിയിച്ചതിനു ശേഷം ആയത് സറണ്ടർ ചെയ്യേണ്ടതാണ്.

അടിയന്തിര സാഹചര്യങ്ങളിൽ അലോട്മെന്റ് സറണ്ടർ ചെയ്യാൻ ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം ലഭിച്ചാൽ ഡി ഡി ഒ മാർ ആയത് കർശനമായും പാലിക്കേണ്ടതാണ്.

**സ്റ്റൈപ്പെൻഡ്, ടി എ, എം ആർ ഐ** എന്നിവയ്ക്ക് ലഭിക്കുന്ന അലോട്മെന്റിൽ ബിൽ മാറിയതിന് ശേഷം **ബാക്കി നിൽക്കുന്ന തുകകൾ ഉടൻ തന്നെ സറണ്ടർ ചെയ്യേണ്ടതാണ്**. ഓരോ തവണയും ലഭിക്കുന്ന അലോട്ട്മെന്റ് പൂർണമായും വിനിയോഗിച്ചാൽ മാത്രമേ അടുത്ത ഘട്ടം അലോട്ട്മെന്റ് സർക്കാർ അനുവദിക്കുകയുള്ളു എന്നതിനാൽ മേൽ നിർദ്ദേശം എല്ലാ ഡി ഡി ഒ മാരും ബിൽ ക്ലാർക്കുമാരും കർശനമായി പാലിക്കേണ്ടതാണ്.

**എ ജിയുടെ സൈറ്റിൽ റിക്കന്സിലേഷൻ ലഭ്യമാകുന്ന മുറക്ക് ആയവ റിക്കൺസിലിയേഷൻ നടത്തി SCO ക്ക് സമർപ്പിക്കേണ്ടതാണ്.**

**സീനിയർ ഫിനാൻസ് ഓഫീസർ**

Digitally signed by Ganga S S
Date: 26-03-2026 12:16:24

സ്വീകർത്താവ്:-
സ്പെഷ്യൽ ഓഫിസർ, SUIIT
ജോയിന്റ് ഡയറക്ടർ, ആർ ഡി ടി കണ്ണൂർ
എല്ലാ ഐ ടി ഐ കളിലേക്കും, ആർ ഐ സെന്ററുകളിലേക്കും
പ്രിൻസിപ്പാൾ, എ വി ടി എസ് കളമശ്ശേരി